പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 131

27-06-2011-ൽ മറുപടിക്ക്

## കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) കോഴിക്കോട് ജില്ലയിലെ വെള്ളയിൽ കടപ്പുറത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 13.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അനുമതി നൽകുകയും അതനുസരിച്ച് ടി ഹാർബറിന് വേണ്ടിയുള്ള പ്രാഥമിക അന്വേഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി ഹാർബറിനുവേണ്ടിയുള്ള മാതൃകാപഠനം നടത്തുന്നതിന് പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും മാതൃകാപഠനം നടത്തിയതിന്റെ അന്തിമ സാങ്കേതിക റിപ്പോർട്ട് CWPRS -ൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിൽനിന്ന് അനുമതി ലഭ്യമാക്കുന്നതിനുള്ള പരിസ്ഥിതി പഠനം നടത്തുന്നതിന് തിരുവനന്തപുരത്തെ എൽ.ആന്റ് എം അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം 2/2011-ൽ പരിസ്ഥിതി പ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർമ്മാണത്തിന് മുന്നോടിയായി കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്നും ക്ലിയറൻസ് ലഭിക്കുന്നതിനുവേണ്ടി കോസ്റ്റൽ റെഗുലേഷൻ സോൺ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തിരുവനന്തപുരത്ത് ആക്കുളത്തുള്ള സെസ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.ആർ.ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ടും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി യും ലഭിച്ചാലുടൻതന്നെ കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്നും ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) പ്രസ്തുത ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ബി) മാതൃകാപഠന റിപ്പോർട്ടിന്റെയും പരിസ്ഥിതി പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകിയതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ